# ശ്രദ്ധക്ഷണിക്കൽ

## (1) സമഗ്ര നയം

ശ്രീ. വർക്കല കഹാർ: സർ, സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു സമഗ്ര നയം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ രാജ്യം വിവിധമേഖലകളിൽ പുരോഗതി പ്രാപിച്ചിട്ടുണ്ട്, അത് നിഷേധിക്കാൻ സാധിക്കുകയില്ല. ഭരണഘടനയുടെ സംരക്ഷണമുള്ളവരാണ് നമ്മുടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ. അങ്ങനെ സംരക്ഷണം ഉണ്ടായിട്ടുപോലും ഈ വിഭാഗത്തിന്റെ സാമൂഹികമായ അവസ്ഥ പരിതാപകരമായിത്തന്നെ മുന്നോട്ട് നീങ്ങുകയാണ്. നമ്മുടെ നാട്ടിൽ അയിത്തവും തൊട്ടുകൂടായ്മയും വലിയ സാമൂഹിക അനാചാരങ്ങളായി ഒരു കാലഘട്ടത്തിൽ നിലനിന്നിരുന്നു. അതിനെല്ലാം പരിഹാരം കണ്ടെത്തിയതായി നമ്മളെല്ലാവരും അവകാശപ്പെടുന്നു. നമ്മുടെ നാട്ടിൽ ക്ഷേത്രപ്രവേശന വിളംബരമുണ്ടായി. തീർച്ചയായും അതിനെ വലിയ വിപ്ലവമായി നാം കാണുന്നു. തിരുവിതാംകൂറിൽ നിരവധി വിളംബരങ്ങളുണ്ടായിട്ടുണ്ട്. മാറു മറയ്ക്കാനും പട്ടിയും പൂച്ചയും സഞ്ചരിക്കുന്ന പൊതുവഴികളിൽക്കൂടി സഞ്ചരിക്കുവാൻ പോലും അവകാശമില്ലാത്തവരായിരുന്നു നമ്മുടെ നാട്ടിലെ പട്ടികജാതിക്കാർ. മാറുമറയ്ക്കാൻ അവകാശമില്ലാതിരുന്നവർക്ക് മാറുമറയ്ക്കുന്നതിനു സ്വാതന്ത്ര്യം നൽകുന്നതിനുവേണ്ടി തിരുവിതാംകൂറിലുണ്ടായ ഒരു വിളംബരമായിരുന്നു മുലക്കച്ച വിളംബരം. അവർക്ക് പൊതുവഴിയിലൂടെ സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നമ്മുടെ

നാട്ടിലുണ്ടായി. ഇതൊക്കെ ഉണ്ടെങ്കിലും നമ്മുടെ സമൂഹത്തിന്റെ മുന്നണിയിൽ നമ്മോടൊപ്പം എത്തിച്ചേരാൻ അവർക്ക് ഇനിയും ബഹുകാതം മുന്നോട്ടുപോകേണ്ടിവരും. അവരിൽ വലിയ മാറ്റങ്ങളുണ്ടായി എന്നൊക്കെയാണ് നമ്മളെല്ലാവരും അവകാശപ്പെടുന്നത്. പക്ഷേ വളരെ പരിതാപകരമായ സാഹചര്യങ്ങളിലാണ് അവർ ജീവിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഞാൻ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമെങ്കിൽ തീർച്ചയായും മനസ്സിലാക്കുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഭൂപരിഷ്കരണത്തിന്റെ യഥാർത്ഥമായ പ്രയോജനം അവർക്ക് ലഭിച്ചിട്ടില്ല. ഭൂപരിഷ്കരണത്തെ വലിയ വിപ്ലവമായി നമ്മൾ കാണുന്നുണ്ട്. പക്ഷേ ആ പരിഷ്കരണത്തിന്റെ ഗുണങ്ങൾ നമ്മുടെ നാട്ടിലെ പട്ടികജാതിപട്ടിക വർഗ്ഗക്കാർക്ക് ലഭിച്ചിട്ടുണ്ടോ? യു.ഡി.എഫ്. തന്നെ ഇപ്പോൾ Zero landless program നടത്തുകയാണ്. ഭൂമി കൊടുത്തിരുന്നെങ്കിൽ എങ്ങനെയാണ് നമ്മുടെ നാട്ടിൽ ദല്യൗ ഹമിറഹലൈ ു്യീഴൃമാ ഉണ്ടാകുന്നത്? അപ്പോൾ, ഒരു തുണ്ട് ഭൂമിയുടെ അവകാശികളാകാൻ കഴിയാത്ത ലക്ഷക്കണക്കിന് ആളുകൾ നമ്മുടെ രാജ്യത്തുണ്ട്. അതുപോലെ നാം ഉദ്ഘോഷിക്കുന്ന രീതിയിലുള്ള വീടില്ലാത്ത പതിനായിരങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പാമ്പുകൾക്ക് മാളമുണ്ട്; പറവകൾക്ക് ആകാശമുണ്ട്; മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ലെന്നു പറഞ്ഞ് കവി പാടി. നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കിന് പട്ടികജാതിക്കാരിൽ ഇന്നും സ്വന്തമായി വീടില്ലാത്തവരുണ്ട്. പണ്ട് എം. എൻ. ഗോവിന്ദൻ നായർ നമ്മുടെ രാജ്യത്ത് ലക്ഷം വീട് പദ്ധതിയുണ്ടാക്കി, ഭവനങ്ങളുണ്ടാക്കി. ആ ലക്ഷംവീടുകളിൽ നമ്മുടെ നാട്ടിലെ പാവപ്പെട്ട പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട വലിയൊരളവിലുള്ള

ആളുകളുമുണ്ടായി. അന്ന്, ‘എനിക്ക് ഇതിനോട് അനുകൂലമായ അഭിപ്രായമില്ല, ഞാൻ എതിരാണ്, കാരണം ഈ വീടുകളൊക്കെ ഉണ്ടാക്കി കൊടുത്താൽ അടിയാളന്റെ വർഗ്ഗസൗന്ദര്യം നഷ്ടപ്പെടും’ എന്ന് നമ്മുടെ നാട്ടിലെ വലിയ സൈദ്ധാന്തികനും നേതാവുമായ ഒരാൾ പറഞ്ഞു. ആളിന്റെ പേര് ഞാൻ പറയുന്നില്ല. വലിയ ആചാര്യനും, കേരളത്തിലെയും ഇന്ത്യയിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മഹാചാര്യനുമാണ് പറഞ്ഞത്. ഇതൊക്കെ ഉണ്ടാക്കി കൊടുത്താൽ അടിയാളന്റെ വർഗ്ഗസൗന്ദര്യം നഷ്ടപ്പെടും. അതുകൊണ്ട് ഈ ലക്ഷംവീടൊന്നും ശരിയല്ല; ആവശ്യമില്ല എന്നാണ് പറഞ്ഞത്. പറഞ്ഞത് ഇ.എം.എസ്. തന്നെയാണ്. വിപ്ലവത്തിന്റെയും പുരോഗതിയുടെയും യഥാർത്ഥപ്രയോജനം പട്ടികജാതിക്കാർക്ക് ലഭിച്ചില്ല. അതുപോലെതന്നെ നമ്മുടെ രാജ്യത്തുനിന്ന് പതിനായിരക്കണക്കിന് ചെറുപ്പക്കാർ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോയി. പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന നമ്മുടെ നാട്ടിലെ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് അത്തരത്തിലുള്ള ആളുകൾ പോയപ്പോൾ ആ കുടുംബങ്ങളുടെയൊക്കെ സാഹചര്യം മാറി. നമ്മുടെ നാട്ടിൽ സാമൂഹികമായും സാമ്പത്തികമായും വലിയ മാറ്റമുണ്ടാക്കാൻ ഗൾഫുകാർക്ക് കഴിഞ്ഞു. പക്ഷേ പട്ടികജാതിക്കാരിൽ ഗൾഫുകാർ ഒരു ശതമാനം പോലുമില്ല. അതുപോലെതന്നെ, നമ്മൾ അവ കാശപ്പെടുന്നതുപോലെയുള്ള സാമൂഹിക പുരോഗതി ഈ വിഭാഗങ്ങളിൽ ഉണ്ടായിട്ടില്ല. ഇവർക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികളിൽ പലതും അശാസ്ത്രീയവും കാലാനുസൃതമല്ലാത്തതുമാണ്. അത് ഉദ്യോഗസ്ഥൻമാരുടെ ചുവപ്പ് നാടയിൽ പലപ്പോഴും

കുരുങ്ങിപ്പോകുന്നതായാണ് കണ്ടുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസപരമായി അവർ വളരെ പുറകിലാണ്. അത് അക്കാഡമിക് നിലവാരത്തിലുള്ള വിദ്യാഭ്യാസത്തിൽ മാത്രമല്ല. 1912-ൽ അയ്യൻകാളി ശ്രീമൂലം പ്രജാസഭയിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞത് 'എന്റെ കിടാത്തൻമാരെ വിദ്യാഭ്യാസത്തോടൊപ്പം തൊഴിലും പഠിപ്പിക്കണം' എന്നാണ്. ഇന്നത്തെ വിദ്യാഭ്യാസ മേഖലയിലെ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംവിധാനങ്ങളെക്കുറിച്ചാണ് ദീർഘദൃഷ്ടിയോടുകൂടി അദ്ദേഹം പറഞ്ഞത്. ഫീസിബിലിറ്റി - 51 ശതമാനം പട്ടികജാതിക്കാർ അധിവസിക്കുന്നെങ്കിൽ മാത്രമേ ഫീസിബിളാകൂ. കേരളത്തിന്റെ സ്ഥിതി വ്യത്യസ്തമല്ലേ? അവർ പല സ്ഥലങ്ങളിലായി സ്കാറ്റേർഡായിട്ടാണ് താമസിക്കുന്നത്. 51 ശതമാനം ഫീസിബിലിറ്റി തന്നെ അപ്രായോഗികമാണ്. ഇത് പൊളിച്ച് എഴുതണം. ഇത് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ശരിയായിരിക്കും, നമ്മുടെ സാഹചര്യങ്ങളിൽ ഇത് ശരിയല്ല. അതുപോലെ തന്നെ പാർപ്പിടമില്ലാത്തവരുണ്ട്. ഇവയ്ക്കൊക്കെ സമയബന്ധിതമായി പരിഹാരമുണ്ടാക്കാൻ കഴിയണം. പട്ടികജാതിക്കാർ ഏതെല്ലാം രംഗത്ത് പിന്നോക്കമാണെന്ന് നാം ആലോചിക്കണം. കേരളത്തിൽ ഒരു വ്യവസായ സംരംഭം പോലും സ്വന്തമായിട്ടില്ലാത്ത ഒരു ജനവിഭാഗമാണ് പട്ടികജാതി വിഭാഗം. എന്നാൽ പട്ടികജാതി വികസനവകുപ്പ് ഈ ആവശ്യത്തിനായി ഓരോ വർഷവും കോടിക്കണക്കിന് രൂപയാണ് മാറ്റിവയ്ക്കുന്നത്. ഈ പണം ഫലപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ടി പട്ടികജാതി വികസനവകുപ്പ് ഉദ്യോഗസ്ഥർക്ക് യാതൊരു താൽപ്പര്യവുമില്ല. ഏറ്റവും ദയനീയമായ കാര്യം ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക്

ഇതിനോട് കമിറ്റ്മെന്റില്ല എന്നുള്ളതാണ്. കമിറ്റ്മെന്റുള്ള ഉദ്യോഗസ്ഥൻമാരും തീർച്ചയായും ഉണ്ടാകണം. അതുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വളരെ ദയനീയമായ ഈ സാഹചര്യങ്ങൾ പരിഗണിച്ച് അവർക്കുവേണ്ടി അവരുടെ ജീവിതരക്ഷയ്ക്ക് ഉതകുന്ന നമ്മളെപ്പോലെ ജീവിക്കാൻ അവസരം നൽകുന്ന രീതിയിലുള്ള ഒരു സംവിധാനത്തിനുവേണ്ടി സമഗ്രമായ ഒരു പട്ടികജാതി പട്ടികവർഗ്ഗ ജീവിതനയത്തിനുതന്നെ രൂപം നൽകണം. ആ നയം ഗവൺമെന്റ് ആവിഷ്കരിക്കുകയും വരുന്ന നിയമസഭയുടെ മുമ്പിൽ ആ നയം സമർപ്പിക്കുവാനും പ്രിയങ്കരനായ ഊർജ്ജസ്വലനായ മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ. പി. അനിൽ കുമാർ)</u>: സർ, ബഹുമാനപ്പെട്ട അംഗം, ശ്രീ. വർക്കല കഹാർ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ, ഐക്യകേരള രൂപീകരണത്തിനുശേഷം കേരളത്തിലെ പട്ടികജാതി വികസന മേഖലയിൽ വിവിധ ഗവൺമെന്റുകൾ നടപ്പാക്കിയ പദ്ധതികളുടെ ഏറ്റവും നല്ല റിസൽട്ടുണ്ടായ സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസ രംഗത്തും സാമൂഹിക വളർച്ചയിലും സാമ്പത്തിക മുന്നേറ്റത്തിലുമൊക്കെ വളരെയേറെ മുന്നോട്ടുപോകാൻ പട്ടികജാതി വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഇതൊക്കെ പറയുമ്പോഴും ഇവർ മുഖ്യധാരയിലെത്തി എന്നോ അതല്ലെങ്കിൽ ഇനിയും മുന്നോട്ടുപോകേണ്ടാത്ത സാഹചര്യം എത്തിക്കഴിഞ്ഞുവെന്നോ അല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. കുറെയേറെ മാറ്റങ്ങൾ ഈ മേഖലയിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും കുറെ കാര്യങ്ങൾ കൂടി നടപ്പാക്കിയെങ്കിൽ മാത്രമേ

നമ്മൾ ഉദ്ദേശിച്ച രീതിയിലേയ്ക്ക് പട്ടികജാതി സമൂഹത്തെ മുന്നോട്ടുകൊണ്ടു വരാൻ കഴിയൂ. അതിന്റെ കാരണമെന്നുപറയുന്നത് ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മാത്രമല്ല, നൂറ്റാണ്ടുകളുടേതായ ഒരു സാമൂഹിക പിന്നോ ക്കാവസ്ഥ നിലനിൽക്കുന്ന ഒരു സമൂഹത്തിന് ഒരൊറ്റ രാത്രി കൊണ്ടോ അല്ലെങ്കിൽ ഒരു പകൽ കൊണ്ടോ എല്ലാം മാറ്റിയെടുക്കാൻ കഴിയുമെന്ന് നമുക്ക് അവകാശപ്പെടാൻ കഴിയില്ല. വളരെ വേഗത്തിലുള്ള, വളരെ വ്യക്ത മായ, പ്രകടമായ മാറ്റങ്ങൾ ഇന്ന് ഉണ്ടായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതോടൊപ്പംതന്നെ വളരെ പ്രയാസമനുഭവിക്കുന്ന സാഹചര്യവും ഇന്ന് നില നിൽക്കുന്നുണ്ട്. ആ സാഹചര്യങ്ങൾ മാറ്റുന്നതിനുവേണ്ടി അതിവേഗതയിലു ള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. പൊതുസമൂ ഹത്തിന്റെ മൊത്തത്തിലുള്ള പിന്തുണയും അത്തരം കാര്യങ്ങളിലുണ്ടാകും. ഇന്ന് വിദ്യാഭ്യാസ രംഗത്ത് - എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, ഉന്നത വിദ്യാഭ്യാസ മേഖല ഇവ പരിശോധിച്ചുകഴിഞ്ഞാൽ വളരെ വലിയ മുന്നേറ്റം പ്രകടമായി കാണാൻ കഴിയുന്ന സാഹചര്യമാണുള്ളത്. മറ്റ് മേഖല കളിലും ഇത്തരത്തിലുള്ള വളർച്ചയുണ്ട്. എന്നിരുന്നാലും ഇന്നും ഭൂമിയും വീടുമില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ വളരെയധികമുണ്ട്. ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും വീട് ഇല്ലാത്തവർക്ക് വീടും നൽകുന്നതിന് വള രെയേറെ കാര്യങ്ങൾ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എന്തു കൊണ്ട് ഇത്തരം കാര്യങ്ങൾ വേണ്ട രീതിയിൽ ഇവർക്ക് ലഭ്യമാകുന്നില്ലെന്നു ള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. ബഹുമാനപ്പെട്ട അംഗം ശ്രീ. വർക്കല കഹാർ ചെലവഴിക്കുന്ന പണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ചെല വഴിക്കുന്ന പണം കൊണ്ട് കുറെയേറെ ഗുണം ലഭ്യമാകുന്നുണ്ട്. പക്ഷേ കൊടുക്കുന്ന തുക പല കാര്യങ്ങൾക്കും അപര്യാപ്തമാണെന്നു

ളളതുകൊണ്ടാണ് ആ ഗുണം പൂർണ്ണമായും ലഭ്യമാകാതെ പോകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഒരു ലക്ഷം രൂപയായിരുന്നു ഈ വിഭാഗത്തിന് വീടിനുവേണ്ടി ധനസഹായം കൊടുത്തിരുന്നത്. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം അത് രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. രണ്ട് ലക്ഷം രൂപയെന്ന് പറയുന്നതുപോലും ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പര്യാപ്തമാണെന്ന അഭിപ്രായം ഗവൺമെന്റിനില്ല. എങ്കിലും നൂറ് ശതമാനം വർദ്ധനവ് ഈ ഗവൺമെന്റ് വന്നതിനുശേഷമുണ്ടാക്കി. ഭൂമി വാങ്ങുന്നതിന്, മൂന്ന് സെന്റ് ഭൂമിക്ക് 75,000 രൂപയാണ് ഗവൺമെന്റ് അനുവദിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 100 ശതമാനം വർദ്ധിപ്പിച്ച് പഞ്ചായത്ത് തലങ്ങളിൽ ഒന്നര ലക്ഷം രൂപയായും മുനിസിപ്പാലിറ്റികളിൽ ഒന്നേമുക്കാൽ ലക്ഷം രൂപയായും കോർപ്പറേഷൻ മേഖലയിൽ രണ്ടര ലക്ഷം രൂപയുമാക്കി വർദ്ധിപ്പിച്ചു. ഇതൊക്കെ 100 ശതമാനം വർദ്ധനവാണ്. ഇന്ന്, പഞ്ചായത്തുകളിൽ ഏറ്റവും റിമോട്ടായിട്ടുള്ള ഏരിയയിൽ, ഗതാഗതയോഗ്യമല്ലാത്ത, വൈദ്യുതി ലഭിക്കാത്ത, കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിലാണ് 50,000 രൂപയ്ക്ക് ഒരു സെന്റ് ഭൂമി ലഭിക്കുന്നത്. ഇത്തരത്തിലുള്ള വർദ്ധനവ് നമ്മൾ നടത്തുന്നുണ്ട്. പട്ടികജാതി വിഭാഗത്തിലെ ഏറ്റവും പാവപ്പെട്ട ആളുകൾക്കാണ് ഇത് ലഭ്യമാകുന്നത്. ഏതാണ്ട് 25,000 രൂപ വരുമാന പരിധിവച്ചാണ് ഇതൊക്കെ കൊടുത്തിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇത്തരം ആനുകൂല്യങ്ങളുടെ വരുമാനപരിധി 25,000 എന്നുളളത് 50,000 രൂപയാക്കി വർദ്ധിപ്പിച്ചു. ചികിത്സാ ധനസഹായമാണ് ഏറ്റവും പ്രയാസകരമായ കാര്യം. ചികിത്സയുടെ കാര്യത്തിൽ വളരെയധികം പ്രയാസമനുഭവിക്കുന്ന എത്രയോ ആളുകളുണ്ട്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരണത്തിലിരുന്നപ്പോൾ 25,000 രൂപവരെയായിരുന്നു ചികിത്സാ

ധനസഹായമായി നൽകിയിരുന്നതെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നേരിട്ട് നൽകുന്ന ചികിത്സാ ധനസഹായം 50,000 രൂപയാക്കി വർദ്ധിപ്പിച്ചു. മാരകമായ രോഗങ്ങൾക്ക് ഹോസ്പിറ്റലിലൂടെ ഒരു ലക്ഷം രൂപ വരെ നൽകുവാനുള്ള തീരുമാനം ഈ ഗവൺമെന്റ് എടുത്തു. വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ കാര്യത്തിൽ ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ് - ഇതൊക്കെ വളരെ നാമമാത്രമായ തുകയാണ് നൽകിയിരുന്നത്. അതിൽ 100 ശതമാനം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. 350 രൂപയാണ് 10-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് കൊടുക്കുന്നതെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 750 രൂപയാക്കി വർദ്ധിപ്പിച്ചു. അടുത്ത വർഷം അത് ആയിരം രൂപയാക്കി വർദ്ധിപ്പിക്കുവാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. 50 വീടുകളിൽ കൂടുതലുള്ള ഓരോ പട്ടികജാതി സങ്കേതങ്ങളെയും സ്വയംപര്യാപ്ത ഗ്രാമങ്ങളാക്കി മാറ്റുന്നതിന് ഒരു കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചു. കേരളത്തിലെ 100 എം.എൽ.എ. മാരുടെ നിയോജക മണ്ഡലങ്ങളിൽ 100 സങ്കേതങ്ങൾ തെരഞ്ഞെടുത്ത് സ്വയംപര്യാപ്ത ഗ്രാമങ്ങളാക്കുവാനും 20 എം.പി. മാർ നിർദ്ദേശിക്കുന്ന 20 ഗ്രാമങ്ങളെ സ്വയംപര്യാപ്ത ഗ്രാമങ്ങളാക്കി മാറ്റുവാനും വേണ്ടി 120 കേന്ദ്രങ്ങളിൽ 120 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള ഒരു പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു ഇങ്ങനെയുള്ള വിവിധങ്ങളായ പദ്ധതികൾ നമ്മൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ രംഗത്താണ് ഏറ്റവും വലിയ മുന്നേറ്റമുണ്ടാകേണ്ടത്. ഇന്ന് എസ്.എസ്.എൽ.സി. മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്ഥാപനങ്ങളും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഐ.ടി.ഐ. യും പോളിടെക്നിക്കുകളും പ്രീ-മെട്രിക് എക്സാമിനേഷൻ സെന്ററുകളും എസ്.സി. ഡിപ്പാർട്ടുമെന്റിന് കീഴിലുണ്ട്. അതോടൊപ്പംതന്നെ വളരെക്കാലമായി ആവശ്യപ്പെടുന്ന, പ്രൊഫഷണൽ

കോളേജുകൾ കൂടി എസ്.സി. ഡിപ്പാർട്ടുമെന്റിനുകീഴിൽ വേണമെന്നുള്ള ആവശ്യം മുൻനിറുത്തിക്കൊണ്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു മെഡിക്കൽ കോളേജ് എന്നുള്ള ആവശ്യം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി കാണുകയും ആരോഗ്യവകുപ്പിന്റെ സഹായത്തോടുകൂടി പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുവാനുള്ള നടപടിയും എടുത്തിരിക്കുകയാണ്. എല്ലാ രംഗത്തും നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട് എന്ന് സൂചിപ്പിക്കുവാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥർ വേണ്ടരീതിയിൽ കാര്യങ്ങൾ ചെയ്യുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് അദ്ദേഹത്തിന്റെ ധാരണക്കുറവുകൊണ്ടാകും എന്ന് പ്രതീക്ഷിക്കുകയാണ്. കാരണം, കഴിഞ്ഞ വർഷം പോലും ഏതാണ്ട് 95 ശതമാനം ഫണ്ടും ചെലവഴിക്കാൻ പട്ടികജാതി-വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പി.ഡബ്ല്യു.ഡി. യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ട ഫണ്ട് മാത്രമാണ് നമുക്ക് വിനിയോഗിക്കാൻ കഴിയാതിരുന്നത്. ഈ വർഷം ഫെബ്രുവരി ആയിക്കഴിഞ്ഞപ്പോൾത്തന്നെ ഏകദേശം 75 ശതമാനം ഫണ്ടും പട്ടികജാതി വികസന വകുപ്പ് ചെലവഴിച്ചുകഴിഞ്ഞു. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇന്ന് പട്ടികജാതി വികസന വകുപ്പിലുണ്ട്. മോശമായ രീതിയിൽ പ്രവർത്തിക്കുന്ന ഒറ്റപ്പെട്ട ചില ഉദ്യോഗസ്ഥന്മാർ ഈ വകുപ്പിന് കീഴിൽ മാത്രമല്ല, എല്ലായിടത്തും കാണും. സ്വഭാവത്തിന്റെ ഭാഗമായി മാത്രമേ നമുക്ക് അതിനെ കാണാൻ കഴിയൂ. നന്നായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങൾ വളരെ പെട്ടെന്നുതന്നെ നടത്താൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകും. ഇന്നത്തെ ഇത്തരം സാഹചര്യങ്ങ

ളെല്ലാം കൂടി വിലവിരുത്തിക്കൊണ്ട് പട്ടികജാതി മേഖലയുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ ഒരു നയം രൂപീകരിക്കണമെന്നുള്ള കാര്യമാണ് മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ആ കാര്യം ഗവൺമെന്റ് ഗൗരവത്തോടുകൂടി കണ്ടതുകൊണ്ടുതന്നെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അത് ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ആവശ്യപ്പെട്ടതുപോലെ, ആ രീതിയിൽത്തന്നെയുള്ള വിപുലമായ ഒരു നയം രൂപീകരിക്കും. ആ നയം രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന എസ്.സി. വകുപ്പ് ഡയറക്ടറെ ഗവൺമെന്റ് ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന വിവരം കൂടി ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും ഞാൻ അറിയിക്കുകയാണ്.

ശ്രീ. വർക്കല കഹാർ: സർ, അത്തരത്തിലുള്ള ഒരു നയം പ്രഖ്യാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിച്ചു. മന്ത്രിക്ക് നന്ദി. അതോടൊപ്പം തന്നെ നമ്മുടെ ബഡ്ജറ്റിലെ ഏകദേശം പന്ത്രണ്ടര ശതമാനത്തോളം ചെലവഴിക്കുന്നത് സഹകരണരംഗത്താണ്. സഹകരണ മേഖലയിൽ ഈ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യമുണ്ടാകാനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം കൃഷിപ്പണി ചെയ്യുന്നവരെന്നുള്ള നിലയിൽ ഹൈടെക് രീതിയിലുള്ള കാർഷികപ്പണികൾ, കൃഷി സമ്പ്രദായങ്ങൾ എന്നിവ അവരെ അഭ്യസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേകമായ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ച സഹകരണ മേഖലയിലെ പ്രശ്നം ഗൗരവമുള്ള കാര്യമാണ്. ഞാൻ സഹകരണ വകുപ്പുമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചു. തീർച്ചയായും സഹകരണ മേഖലയിൽ എസ്.സി. വിഭാഗങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യ

മുണ്ടാകാനും അവരുടേതായ സ്ഥാപനങ്ങൾ, പ്രത്യേകം സൊസൈറ്റികൾ, ബാങ്കുകൾ എന്നിവ നല്ല രീതിയിൽ കൊണ്ടുപോകുന്നതിനും സാധിക്കണം. ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. അത് നല്ല രീതിയിൽ കൊണ്ടു പോകുന്നതിനുള്ള നടപടികളുണ്ടാകും. അതോടൊപ്പംതന്നെ കാർഷിക മേഖ ലയിലുണ്ടാകുന്ന നൂതനമായ മാറ്റങ്ങൾ ഈ വിഭാഗങ്ങൾക്കുകൂടി ലഭ്യമാകു ന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എ. എ. അസീസ്: സർ, കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് വീടുകളിൽ തോട്ടണ്ടിയും അതിന്റെ സംസ്കരണ നടപടികളും വ്യാപക മായിട്ടുണ്ട്. ഏകദേശം 800-ൽപ്പരം സ്വകാര്യ ഫാക്ടറികളും കോർപ്പറേഷന്റെ കീഴിൽ 30 ഫാക്ടറികളും കാപെക്സിന് 10 ഫാക്ടറികളും പ്രവർത്തിക്കുന്നു ണ്ട്. വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ കഴിയാത്ത നിലയിലുള്ള ഒരു പ്രവർത്തനമാണ് ഇന്ന് വീടുകളിൽ നടന്നുവരു ന്നത്. 1967-നുമുമ്പ് അൺരജിസ്റ്റേർഡ് ഫാക്ടറികളെന്നുള്ള നിലയിൽ ഫാക്ട റികളിൽതന്നെയാണ് നിയമനിഷേധം നടത്തിയത്. കുടിൽവറുപ്പ് എന്നപേരി ലാണ് അന്ന് അറിയപ്പെട്ടിരുന്നത്. 1967-ൽ അധികാരത്തിൽവന്ന ഗവൺമെന്റിൽ അന്ന് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന മത്തായി മാഞ്ഞൂ രാൻ കുടിൽവറുപ്പ് നിരോധനനിയമം ഈ നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയതിനുശേഷം അന്നുണ്ടായിരുന്ന അനധികൃത ഫാക്ടറി കൾക്കെല്ലാം ലൈസൻസ് കൊടുക്കുകയും ആ ഫാക്ടറികളെല്ലാംതന്നെ ഫാക്ടറി നിയമമനുസരിച്ച് പ്രവർത്തിക്കുകയുമാണ് ചെയ്തുവരുന്നത്.

എന്നാൽ സ്വകാര്യ ഫാക്ടറികളിൽ പല തരത്തിലുള്ള നിയമനിഷേധങ്ങൾ പണ്ട് കാലംമുതൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ചില കാലഘട്ട ങ്ങളിൽ അത് നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും വീണ്ടും അത് പുനരാ രംഭിക്കുന്നുണ്ട്. ആ രംഗത്ത് ഏതാനും സ്വകാര്യ ഉടമകളും കാപെക്സും കോർപ്പറേഷനുമൊക്കെ കഴിഞ്ഞാൽ ബാക്കി ബഹുഭൂരിപക്ഷം പുതുതായി കടന്നുവരുന്ന ആളുകൾ വ്യാപകമായി നിയമനിഷേധം നടത്തുകയാണ്. തൊഴിലാളികളിൽനിന്നും ഇ.എസ്.ഐ., പി.എഫ്., ക്ഷേമനിധി തുടങ്ങിയ വിഹിതങ്ങൾ ഈടാക്കിയാൽ കൃത്യസമയത്ത് അടയ്ക്കാതിരിക്കുക, അതി ന്മേൽ തിരിമറി നടത്തുക, തൊഴിലാളികളിൽനിന്ന് പിടിക്കുന്ന തുക രണ്ടായി വേർതിരിച്ച് മുതലുടമയുടെ അംശദായമെന്നുകൂടി ചേർത്ത് അടയ്ക്കുക തുടങ്ങിയ തട്ടിപ്പുകൾ നടത്താറുണ്ട്. അതുപോലെതന്നെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കയ്യിൽനിന്ന് പരിപ്പ് തൂക്കിയെടുക്കുമ്പോൾ തൂക്കത്തിലും അളവിലും കാണിക്കുന്ന കൃത്രിമവും വ്യാപകമാണ്. എന്നാൽ ഇന്ന് ഇപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇത്തരം സ്വകാര്യ ഫാക്ടറികളിൽ നിയമനിഷേധം നിലനിൽക്കുമ്പോൾ വീടുകളിൽ സംസ്ക്കരണം നടക്കുന്നു വെന്ന് മനസ്സിലാക്കി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പഴയ നിയമമായ അൺരജിസ്റ്റേർഡ് ഫാക്ടറി നിയമം പുനസ്ഥാപിച്ചു. അൺരജി സ്റ്റേർഡ് കാഷ്യൂ ഫാക്ടറീസ് ആക്ടെന്ന പേരിൽ ഒരു നിരോധനനിയമം കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ നിയമസഭ പാസ്സാക്കി. നേരത്തെ നിയമനിഷേധം കണ്ടുപിടിക്കുകയും അത് അവസാനിപ്പിക്കുകയും ചെയ്യുന്നതിന് നിയമസഭ പാസ്സാക്കിയ 1967-ലെ നിയമത്തിൽ കണ്ടുകെട്ടുന്ന സ്ഥാപനങ്ങൾ ആരാണ് സൂക്ഷിക്കേണ്ടതെന്നത് അന്നത്തെ നിയമത്തിൽ ഇല്ലായിരുന്നു. ആ പോരായ്മ പരിഹരിക്കുന്നതിനുവേണ്ടിയാണ് കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. ഗുരുദാസൻ കണ്ടുകെട്ടുന്ന സാധനങ്ങൾ പോലീസ് സബ്ഇൻസ്പെക്ടർമാർക്കോ ഇൻസ്പെക്ടർ ഫാക്ടറീസ് ആന്റ് ബോയിലേഴ്സിനോ ലേലം ചെയ്യാനുള്ള അധികാരം കൊടുത്തുകൊണ്ട് നിയമത്തിൽ മാറ്റംവരുത്തി. അതിനുശേഷം അനധികൃതമായുള്ള വീടുകളിലെ സംസ്ക്കരണം പരിപൂർണ്ണമായി നിന്നിരുന്നതാണ്. ഇന്ന് അത് വീണ്ടും പുനരാരംഭിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സംഘടിതമായി നടത്തിവന്നിരുന്ന വ്യവസായ സ്ഥാപനങ്ങൾ 1967-നുമുമ്പ് കൂട്ടത്തോടെ അടച്ചുപൂട്ടിയതിന്റെ ഫലമായിട്ടാണ് അനധികൃത ഫാക്ടറികൾ ഉണ്ടായത്. അടച്ചുപൂട്ടിയ ഫാക്ടറികളിലെ തൊഴിലാളികളെ ചൂഷണം ചെയ്യാൻ കഴിയുന്ന തരത്തിലായിരുന്നു അന്ന് സ്വകാര്യ ഉടമകൾ ഫാക്ടറികളിൽ നിയമനിഷേധം നടത്തിയതെങ്കിൽ, ഇന്ന് ഈ അടുത്ത കാലത്ത് കോർപ്പറേഷനും കാപെക്സുമെല്ലാം അടച്ചുപൂട്ടിയപ്പോൾ സ്വകാര്യ ഫാക്ടറികൾ ചിലത് വ്യവസ്ഥാപിതമായി നടക്കുന്നത് അടച്ചുപൂട്ടുന്ന അവസരത്തിൽ ആ തൊഴിലാളികളെയാണ് ഇന്ന് വീടുകളിൽ സംസ്ക്കരണം അനുവദിച്ചുകൊണ്ട് ചൂഷണം ചെയ്യുന്നത്. തമിഴ്നാട്ടിലും മറ്റ് വിജന പ്രദേശങ്ങളിലും തോട്ടണ്ടി വറുത്ത് അവിടെനിന്നും കൊണ്ടുവന്ന് ചില കോളനി പ്രദേശങ്ങളിലെ വീടുകളിൽ കൊടുത്ത് അവിടെയത് തല്ലിപ്പൊട്ടിച്ച് പരിപ്പാക്കി അത് പാകപ്പെടുത്തി സംസ്ക്കരിച്ചെടുക്കുന്ന സംവിധാനം ഇന്ന് കൊല്ലത്തും തിരുവനന്തപുരത്തും ആലപ്പുഴയിലും വ്യാപകമായിട്ടുണ്ട്. പണ്ട് വീടുകളിൽ ഇത്തരത്തിൽ അനധികൃതമായി സംസ്ക്കരിക്കുന്ന സ്ഥാപനങ്ങളുണ്ടായിരുന്നത് എറണാകുളം ജില്ലയിലെ ആലുവയിലായിരുന്നു. എന്നാൽ ഇപ്പോൾ ആലുവയിലേയ്ക്ക് തൊഴിലാളികൾ പോകുന്നില്ല. കാരണം ഇവിടെ തൊഴിലാളികളുടെ വീട്ടിൽത്തന്നെ ഇത്തരത്തിൽ സംസ്ക്കരിക്കുവാൻ

കഴിയുന്ന സംവിധാനം നിലനിൽക്കുന്നതുകൊണ്ട് സ്വകാര്യ തൊഴിലുടമകൾ ഇത്തരത്തിൽ തൊഴിലാളികളെ ചൂഷണം ചെയ്യുകയാണ്. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് വ്യവസായം നടത്തുന്ന സ്വകാര്യ ഉടമകൾക്ക് ഇന്ത്യയിലെ അപൂർവ്വം ചില സംസ്ഥാനങ്ങൾ ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങ ളിലും ഫാക്ടറികളുണ്ട്. ഒറീസ്സയിലും ഗോവയിലും രാജസ്ഥാനിലും മഹാരാ ഷ്ട്രയിലും വെസ്റ്റ് ബംഗാളിലും തമിഴ്നാട്ടിലും കർണ്ണാടകത്തിലുമുണ്ട്. ആന്ധ്രാ പ്രദേശിൽ ഇന്ന് ഇപ്പോൾ നൂറിലധികം ഫാക്ടറികളുണ്ട്. ഇത് വികേന്ദ്രീകരിക്കപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ വ്യവസായത്തിന്റെ കുത്തകയായ ഏറ്റവും കൂടുതൽ വിദേശനാണ്യം ഇന്ത്യയ്ക്ക് ലഭിക്കുന്ന ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം. മറ്റ് പരമ്പരാഗത വ്യവസായങ്ങ ളുടെ കൂട്ടത്തിൽ കശുവണ്ടി വ്യവസായം ഒരു പരമ്പരാഗത വ്യവസായമാണ്. പണ്ട് നമുക്ക് മാത്രമായി കുത്തകയുണ്ടായിരുന്ന വ്യവസായമാണ് അന്യസം സ്ഥാനങ്ങളിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നത്. 100-ന് താഴെ ഫാക്ടറിക ളുണ്ടായിരുന്ന സ്ഥാനത്ത് ഇന്നിപ്പോൾ 860 ഓളം ഫാക്ടറികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പൊതുമേഖലയുടെ കീഴിൽത്തന്നെ ഏകദേശം 30000-ത്തിൽപ്പരം തൊഴിലാളികൾ സഹകരണമേഖലയിലും പൊതുമേഖല യിലുമായി പണി എടുക്കുന്നുണ്ട്. വ്യവസ്ഥാപിതമായി വ്യവസായം നടത്തുന്ന വ്യവസായികളുടെ കീഴിലും കുറെ തൊഴിലാളികളുണ്ട്. ഇത് വികേന്ദ്രീകരിച്ച് വീടുകളിലേയ്ക്കുപോയാൽ വ്യവസ്ഥാപിതമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും വ്യവസ്ഥാപിതമായി ആനുകൂല്യങ്ങൾ കൊടുത്ത് നടത്തുന്ന വ്യവസായി കൾക്കും വ്യവസായത്തിനെ പിടിച്ചുനിർത്താൻ കഴിയാത്ത ഒരു സ്ഥിതിവിശേ ഷമുണ്ടാകും. അതുകൊണ്ട് വീടുകളിലെ അനധികൃത തോട്ടണ്ടി സംസ്ക്കര

ണവും പരിപ്പിന്റെ സംസ്ക്കരണവും അടിയന്തരമായി അവസാനിപ്പിക്കുവാൻ ലേബർ എൻഫോഴ്സ്മെന്റിനെ ചുമതലപ്പെടുത്തണം. അതിനുള്ള സംവിധാന ങ്ങളുണ്ടാക്കണമെന്നതാണ് എന്റെ ആവശ്യം.

തൊഴിലും പുരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വാസ്തവമാണ്. കശു വണ്ടി മേഖലയിൽ ഒട്ടനവധി നീതിനിഷേധവും നിയമനിഷേധവും നടക്കുന്നുണ്ട്. ഇപ്പോൾ തുടങ്ങി എന്ന് പറഞ്ഞതിൽ മാത്രമേയുള്ളു അഭിപ്രായ വ്യത്യാസം. കുറെ വർഷങ്ങളായി നിലനിൽക്കുകയാണ്. അദ്ദേഹം തന്നെ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെയും എന്റെയും പാർട്ടികളുടെ പൂർവ്വകാല നേതാക്കന്മാരുടെ, സഖാവ് ശ്രീകണ്ഠൻ നായരുടെ സാഹസിക മായ പ്രവർത്തനങ്ങളിൽ കൂടിയാണ് കശുവണ്ടി തൊഴിലാളികളെ ഒരു സംഘടിത ശക്തിയാക്കിയത്. 1967-ൽ ആണ് ഇന്നുള്ള അൺ രജിസ്റ്റേർഡ് ഫാക്ടറീസിന്റെ നിയമം ഈ സഭ പാസാക്കിയത്. അന്നുമുതൽ വളരെ സംഘടിതമായ ട്രേഡ് യൂണിയനുകളുള്ള, ശക്തമായ ട്രേഡ് യൂണിയനുക ളുള്ള ഒരു മേഖലയാണിത്. ഈ നിയമ നിഷേധത്തിൽ ആദ്യം ചൂണ്ടിക്കാണി ച്ചതും അതിനെതിരെ ശക്തമായി പ്രതികരിച്ചതും ട്രേഡ് യൂണിയനുകളാണ്. നിർഭാഗ്യവശാൽ ഇന്ന് ഈ നിയമനിഷേധം നടക്കുമ്പോൾ ട്രേഡ് യൂണിയനു കൾ അവരുടെ ഉത്തരവാദിത്വം നിറവേറ്റുന്നുണ്ടോയെന്നുകൂടി നമ്മൾ ആത്മ പരിശോധന നടത്തേണ്ടതാണ്. കാരണം ഭവനങ്ങളിലെ കുടിവറപ്പ് മാത്രമല്ല, യഥാർത്ഥത്തിൽ പരിശോധിക്കുമ്പോൾ എല്ലാതലത്തിലും നീതിനിഷേധം നടക്കുന്നുണ്ട്. രജിസ്റ്റേർഡ് ഫാക്ടറികളിൽ തന്നെ പാക്കിംഗ് സെന്ററുകൾ എന്ന് പറഞ്ഞുകൊണ്ട്പാക്കിംഗിനാവശ്യമായ സംവിധാനം എന്ന് പറഞ്ഞ് ഒമ്പത് തൊഴിലാളികളെ മാത്രം വയ്ക്കാൻ ലൈസൻസ് എടുത്തിട്ട് അവിടെ

അറുപതും എഴുപതും തൊഴിലാളികളെ വച്ച് ഇത് വ്യവസ്ഥാപിതമായി നടത്തുന്നുണ്ട്. പരിശോധനകൾ നടത്തുമ്പോൾ അദ്ദേഹം ചൂണ്ടിക്കാണിച്ചതു തന്നെ കാരണമായി പറയും. ബാക്കി തൊഴിലാളികൾക്ക് തൊഴിലില്ലാതാകും. നമ്മൾ എന്തെങ്കിലും നടപടിയെടുത്താൽ തൊഴിലാളികൾക്ക് തൊഴിലില്ലാ താകും എന്നാണ് പറയുന്നത്. തൊഴിലാളിയെ മുന്നിൽ നിറുത്തി ഒരു ബ്ലാക്ക്മെയ്ലിംഗ് ആണ് ആ മേഖലയിൽ നടക്കുന്നത്. അതുപോലെതന്നെ അൺ-രജിസ്റ്റേർഡ് ഫാക്ടറീസിന്റെ കാര്യത്തിൽ അദ്ദേഹം പറഞ്ഞത് ശരിയാ ണ്. 2008-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ആ നിയമം സഭ പരിഷ്ക്ക രിക്കുകയുണ്ടായി. പക്ഷേ അതിനുശേഷം അൺ-രജിസ്റ്റേർഡ് ഫാക്ടറീ സിന്റെ പേരിൽ 2007-2008 കാലഘട്ടത്തിനുശേഷം ഇതുവരെ കേസെടുത്തിട്ടി ല്ല. കേസ് എടുക്കാതിരുന്നത് ചില സാങ്കേതിക പ്രശ്നങ്ങളുള്ളതുകൊണ്ടാണ്. സാങ്കേതികമായി ഒരുപക്ഷേ ഇവരെ സഹായിക്കാനുള്ള ചില ഉദ്യോഗസ്ഥ രുടെ  താൽപര്യം കൊണ്ടായിരിക്കാം. ഇരുപത് തൊഴിലാളികളിൽ താഴെയുള ളത് ഫാക്ടറിയായി വരില്ല. ഇരുപത് തൊഴിലാളികളിൽ താഴെ വച്ച് പണിയെ ടുക്കുന്നിടത്ത് പരിശോധന നടത്താൻ സാധിക്കില്ല എന്നുള്ള സാങ്കേ തികവശം ഉന്നയിച്ചുകൊണ്ടാണ് അഞ്ചാറ് വർഷക്കാലമായിട്ട് കേസെടുക്കാ തിരുന്നത്. അതുപോലെ തന്നെ കുടിവറപ്പ് ഇപ്പോൾ നടക്കുന്നുണ്ട്. നേരത്തെയും നടന്നിട്ടുണ്ട്. ഇപ്പോൾ അത് രാത്രികാലങ്ങളിൽ ചെറിയ ചെറിയ വണ്ടികളിൽ കൊണ്ടുപോയി കോളനികളിൽ എത്തിക്കുകയും അവിടെ അതിന്റെ പ്രവർത്തനം നടത്തുകയും തിരിച്ച് സംഭരിക്കുകയും ചെയ്യുന്ന ഒരു സംവിധാനവും നിലനിൽക്കുന്നുണ്ട് എന്നത് വസ്തുതയാണ്. ലേബർ ഡിപ്പാർട്ടുമെന്റിലെ ഒഫീഷ്യൽസിനെ മാത്രം വച്ച് ഇത് തടയുക എന്നുള്ളത് അസാദ്ധ്യമാണ്. അവിടെ ട്രേഡ് യൂണിയനുകൾക്കാണ് ഉത്തരവാദിത്വം.

അതാണ് ഞാൻ ആദ്യം പറഞ്ഞത്. സംഘടിതമായ ട്രേഡ് യൂണിയനുള്ളിടത്ത് എങ്ങനെയാണ് ഈ നിയമനിഷേധം നടക്കുന്നത്? ലേബർ ഡിപ്പാർട്ടുമെന്റ് ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുകയല്ല. അദ്ദേഹം സൂചിപ്പിക്കുന്നതിന് രണ്ട് മാസം മുമ്പ് തന്നെ ഇതിന് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചു. സ്പെഷ്യൽ സ്ക്വാഡിൽ കാഷ്യൂ സ്പെഷ്യൽ ഓഫീസർ, ഡി.എൽ.ഒ. എൻഫോഴ്സ്മെന്റ്, ഫാക്ടറി ഇൻസ്പെക്ടർ, ഇ.എസ്.ഐ. ഉദ്യോഗസ്ഥർ, പി.എഫ്.-ന്റെ ഉദ്യോഗസ്ഥർ, ലീഗൽ മെട്രോളജിയുടെ ഉദ്യോഗസ്ഥർ എന്നിവരെ കൂടാതെ വെൽഫയർ ഫണ്ട് ബോർഡിന്റെ ഉദ്യോഗസ്ഥരും ഉണ്ട്. ഇത്രയും പേരടങ്ങുന്ന സ്പെഷ്യൽ സ്ക്വാഡ് രണ്ട് മാസങ്ങൾക്ക് മുമ്പ് തന്നെ രൂപീകരിച്ചു. കഴിഞ്ഞ രണ്ട് മാസമായി 41 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. ഒട്ടനവധി ക്രമക്കേടുകളുണ്ട്. ഡി.എ. കൊടുക്കുന്നില്ല. ആറ് ദിവസം ജോലി ചെയ്ത് കഴിഞ്ഞാൽ നാല് ദിവസത്തെ ഡി.എ. പോലും കൊടുക്കാത്ത സ്ഥിതിവിശേഷം നിൽക്കുന്നുണ്ട്. ഇവിടെ കോളിംഗ് അറ്റൻഷൻ കൊണ്ടുവന്ന ബഹുമാന്യനായ ശ്രീ. എ. എ. അസീസ് ആ മേഖലയിലെ ട്രേഡ് യൂണിയൻ നേതാവാണ്. രജിസ്റ്റേർഡ് ഫാക്ടറീസിൽ ആറ് ദിവസം ജോലി ചെയ്ത് കഴിഞ്ഞാൽ നാല് ദിവസത്തെ ഡി.എ. മാത്രമാണ് കൊടുക്കുന്നുള്ളുവെന്ന് പറയുമ്പോൾ ഇത് ട്രേഡ് യൂണിയന്റെ ഒത്താശയില്ലാതെ നടക്കുമോ? അങ്ങനെ എല്ലാതലത്തിലും നിയമനിഷേധം നടക്കുന്നു. ഞാൻ പറഞ്ഞതുപോലെ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. രാത്രി കാലങ്ങളിൽ ചെറിയ വണ്ടികളിൽ കൊണ്ടുപോയാണ് വീടുകളിൽ എത്തിക്കുന്നത്. ഈ ഉദ്യോഗസ്ഥർക്ക് നമ്മുടെ പരിമിതി അറിയാം. ലേബർ ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യാൻ ഒരു വാഹനം പോലുമില്ല. രാത്രികാലങ്ങളിൽ ഇത് ഫലപ്രദമായി തടയാൻ നടപടി കൈക്കൊള്ളണമെന്ന് അവരുടെയടുത്ത് ആവശ്യപ്പെട്ടു

മ്പോഴും ഇതിനെ സംയോജിപ്പിച്ചുകൊണ്ട്, ട്രേഡ് യൂണിയനുകളും കൂടി സഹകരിച്ചുകൊണ്ട് അത് പിടിക്കാൻ ഇൻഫർമേഷൻ കൊടുക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് നോട്ടിഫിക്കേഷനിൽ സബ് ഇൻസ്പെക്ടർക്ക് ഇടപെടാം എന്നുള്ള ഒരു ഭേദഗതി വന്നിട്ടുണ്ട്. അങ്ങനെ പോലീസ് അടക്കം എല്ലാവരും കൂടി ചേർന്ന് ഈ കുടിവറപ്പ് അവസാനിപ്പിക്കാൻ വേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പോലീസിനുകൂടി നിർദ്ദേശം കൊടുക്കണം. അങ്ങനെ എല്ലാവരും കൂടി ചേർന്നുള്ള ഒരു പ്രവർത്തനം വഴി മാത്രമേ നമുക്ക് ഇത് ഫലപ്രദമായി തടയാൻ സാധിക്കുകയുള്ളു. ഞാൻ പറഞ്ഞതുപോലെ ലേബർ ഡിപ്പാർട്ടുമെന്റ് ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുന്നില്ല. പക്ഷേ വസ്തുതയെന്ന് പറയുന്നത് ആദ്യകാലം മുതലുള്ള കമ്മിറ്റഡ് ട്രേഡ് യൂണിയൻ ലീഡേഴ്സിന്റെ അഭാവം ഈ മേഖലയിലുണ്ട്. അല്ലെങ്കിൽ ചിലരെങ്കിലും ഇതിന് ഒത്താശ ചെയ്തുകൊടുക്കുന്ന ഒരു പശ്ചാത്തലം നിലനിൽക്കുന്നതുകൊണ്ടാണ് ഏറ്റവും പരമ്പരാഗതമായ, സംഘടിതമായ ഒരു മേഖലയിൽ ഇത്ര വ്യാപകമായ നീതി നിഷേധം നടക്കുന്നത്. തീർച്ചയായും അദ്ദേഹം ഇവിടെ ഉന്നയിച്ചതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റിനെ കൊണ്ട് ചെയ്യാനൊക്കുന്നത്, മറ്റ് ഏജൻസികളെ കൂടി സംയോജിപ്പിച്ചുകൊണ്ട് മനുഷ്യസഹജമായി ചെയ്യാനൊക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതായിരിക്കും.

ശ്രീ. എ. എ. അസീസ് : ലേബർ ഡിപ്പാർട്ടുമെന്റിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കാൻ മുൻകാലങ്ങളിൽ എൻഫോഴ്സ്മെന്റ് കമ്മിറ്റിയുണ്ടായിരുന്നു. ആ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്ത് ചെയ്യുന്നു, എവിടെ പോകുന്നു, എന്ത് പരിശോധിക്കുന്നു എന്നത് റിവ്യൂ നടത്താൻ, അവരെ ഉപദേശിക്കാൻ, അവരെ സഹായിക്കാൻ നടപടിയുണ്ടാ

കണം. ഒരു സമയത്ത് സഖാവ് കെ. പങ്കജാക്ഷൻ ലേബർ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ അംഗങ്ങൾക്കുകൂടി പോയി പരിശോധിക്കാൻ, ട്രേഡ് യൂണിയൻ നേതാക്കന്മാർക്കുകൂടി ആ കമ്മിറ്റിയോടൊപ്പം പോയി പരിശോധിക്കാനുള്ള അവകാശം നൽകിയിരുന്നു. ഞാൻ ഉൾപ്പെടെ പോയി പരിശോധിച്ചിട്ടുണ്ട്. അത്തരത്തിൽ ട്രേഡ് യൂണിയൻ നേതാക്കന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് എൻഫോഴ്സ്മെന്റിന്റെ പരിശോധന റിവ്യൂ ചെയ്യാൻ ഒരു കമ്മിറ്റി രൂപീകരിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u> : ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം തീർച്ചയായിട്ടും പരിഗണിക്കാവുന്നതാണ്. ഞാൻ വ്യാപകമായി ട്രേഡ് യൂണിയൻ നേതാക്കന്മാരെ ആക്ഷേപിച്ചതല്ല. പക്ഷേ ഒരു വസ്തുതയാണ്. കശുവണ്ടി മേഖലയിലെ നിയമനിഷേധത്തിൽ എനിക്ക് വലിയ ദു:ഖമുണ്ട്. നമുക്കുള്ള പരിമിതി നമുക്ക് അറിയാം. അത് അവസാനിപ്പിക്കാൻ എല്ലാവരും കൂടി മുൻകൈ എടുക്കണം. അങ്ങനെ ഒരു കമ്മിറ്റി സഹായകരമാണെങ്കിൽ തീർച്ചയായിട്ടും വയ്ക്കുന്നതിന് യാതൊരു തടസ്സവുമില്ല. ഞാൻ പറഞ്ഞല്ലോ ഇപ്പോൾ 8 ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ജോയിന്റ് സ്ക്വാഡാണ് രൂപീകരിച്ചിരിക്കുന്നത്. അങ്ങനെ ഒരു കമ്മിറ്റി വയ്ക്കുന്നതിന് കുഴപ്പമില്ല. പക്ഷേ കമ്മിറ്റി വച്ചിട്ട് പരിശോധനയ്ക്ക് ചെല്ലുന്ന വിവരം നേരത്തെ കിട്ടുന്ന ഒരു സാഹചര്യം ഉണ്ടാകരുത്. അതുകൊണ്ട് ആ നിലയിൽ യോജിച്ച് കമ്മിറ്റി വയ്ക്കുന്നത് പ്രയോജനകരമാണെങ്കിൽ അത് വയ്ക്കാൻ സാധിക്കും

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അടുത്തത് സബ്മിഷനുകളാണ്. ഒരു കാര്യം ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇന്നലെ നിയമസഭ അവസാനിച്ചത് എത്രമണിക്കാണെന്ന് എല്ലാവർക്കും അറിയാം. ഇന്ന് 20 സബ്മിഷനുകളും മൂന്ന്

ബില്ലുകളും ഒരു ധനവിനിയോഗ ബില്ലുമുണ്ട്. ബഹുമാന്യരായ അംഗങ്ങൾ സ്വയം നിയന്ത്രിച്ച് വളരെ കുറച്ച് സമയം സംസാരിക്കാനായി എടുക്കണം. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിമാരും മറുപടി ചുരുക്കി പറയണമെന്ന് ചെയർ പ്രത്യേകം അഭ്യർത്ഥിക്കുന്നു.